എയ്ഡ്സിന്റെ ചികിത്സക്കായുള്ള എ. ആർ. റ്റി. പ്രോഗ്രാം

116 [3506] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡിസിന്റെ ചികിത്സയ്ക്കായി സർക്കാർ പ്രഖ്യാപിച്ച സൗജന്യ (എ. ആർ. റ്റി.) ആന്റി റിട്രോവൈറൽ തെറാപ്പി പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് ആരംഭിക്കുവാനുള്ള കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) Global fund for HIV/AIDS-ൽ നിന്നും ഈ പദ്ധതിക്ക് ധനസഹായം ലഭിക്കാൻ ആരോഗ്യവകുപ്പ് ശ്രമം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) എയ്ഡ്സ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളിൻമേലുള്ള നികുതി ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി) ആന്റി റിട്രോവൈറൽ മരുന്നുകൾ കൊടുക്കുന്നതിനു മുമ്പ് ധാരാളം പ്രാരംഭ നടപടികൾ എടുത്തിരിക്കേണ്ടതുണ്ട്. ഇവയിൽ ഡോക്ടർമാർക്കും മറ്റു സ്റ്റാഫിനും ആന്റി റിട്രോവൈറൽ മരുന്നുകൾ ഉപയോഗിച്ച് ചികിത്സിക്കുന്നതിനുള്ള പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വാങ്ങുന്ന റേറ്റിൽ ഈ മരുന്നുകൾ വാങ്ങുന്നതിന് നേരത്തേ തീരുമാനിക്കുകയുണ്ടായി എങ്കിലും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ റേറ്റ് മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതലായതുകൊണ്ട് ഇപ്പോൾ സി. പി. സി. (സെൻട്രൽ പർച്ചേസ് കമ്മിറ്റി)-യിൽ ചേർത്ത് മരുന്നുകൾ വാങ്ങുവാൻ തീരുമാനമെടുത്തിരിക്കുകയാണ്.

(സി & ഡി) ഉണ്ട്. 2004-2009 കാലഘട്ടത്തിൽ ആന്റി റിട്രോവൈറൽ തെറാപ്പി നടപ്പിലാക്കാൻ വേണ്ടി 42 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ Global fund for HIV/AIDS-ലെക്ക് സമർപ്പിക്കുവാനായി 2004 ആരംഭത്തിൽ കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനെ ഏൽപ്പിക്കുകയുണ്ടായി.

(ഇ) ആന്റി റിട്രോവൈറൽ മരുന്നുകളെ കേരളാ ഗവൺമെന്റ് നികുതികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly